REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 25-01-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- 77-ാം റിപ്പബ്ലിക് ദിനതലേന്നാളായ ഇന്ന്, വൈകിട്ട് ഏഴിന് രാഷ്ട്രപതി ദ്രൗപതിമുർമു രാജ്യത്തെ അഭിസംബോധന ചെയ്യും.
- ഇന്ന് ദേശീയ സമ്മതിദായക ദിനം. ന്യൂഡൽഹിയിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘടിപ്പിക്കുന്ന ദിനാഘോഷത്തിൽ രാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും.
- ആകാശവാണി പ്രതിമാസ മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ 11 ന് ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കും.
- കേരള ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് സിരി ജഗൻ അന്തരിച്ചു
- ഇന്ത്യ-ന്യൂസിലാന്റ് മൂന്നാം ട്വന്റി-20 ക്രിക്കറ്റ് മത്സരം വൈകിട്ട് ഗോഹട്ടിയിൽ.

## വാർത്തകൾ വിശദമായി

**77-ാം റിപ്പബ്ലിക് ദിനതലേന്നാളായ ഇന്ന്, വൈകിട്ട് ഏഴിന് രാഷ്ട്രപതി ദ്രൗപതിമുർമു രാജ്യത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെയും, ദൂരദർശന്റെയും മുഴുവൻ ശൃംഖലയിലും രാഷ്ട്രപതിയുടെ പ്രസംഗം ആദ്യം ഹിന്ദിയിലും, തുടർന്ന് ഇംഗ്ലീഷിലും പ്രക്ഷേപണം ചെയ്യും. ആകാശവാണി നിലയങ്ങൾ ഇതിന്റെ പ്രാദേശിക പരിഭാഷ രാത്രി 9-30 ന് പ്രക്ഷേപണം ചെയ്യും. ദൂരദർശനിൽ അഭിസംബോധനയ്ക്കു പിന്നാലെ പരിഭാഷ സംപ്രേഷണം ചെയ്യും.**

നാളെ കർത്തവ്യപഥിലെ റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. സംസ്ഥാനത്തെ റിപ്പബ്ലിക് ദിനാഘോഷത്തിൽ തിരുവനന്തപുരത്ത് രാവിലെ ഒൻപതിന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സെൻട്രൽ സ്റ്റേഡിയത്തിൽ ദേശീയ പതാക ഉയർത്തും. ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാരാണ് പതാക ഉയർത്തുന്നത്.

✪✪✪

റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി ഡൽഹിയിൽ സംഘടിപ്പിച്ച ദേശീയ സ്കൂൾ ബാൻഡ് മത്സരത്തിൽ പെൺകുട്ടികളുടെ ബ്രാസ്ബാൻഡ് വിഭാഗത്തിൽ കോഴിക്കോട് പ്രൊവിഡൻസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ ഒന്നാം സ്ഥാനം നേടി. ആൺകുട്ടികളുടെ ബ്രാസ്ബാൻഡിൽ കാസർകോട് പെരിയ നവോദയ വിദ്യാലയത്തിന് സമാശ്വാസ സമ്മാനം ലഭിച്ചു.

✪✪✪

ഇന്ന് 16-ാമത് ദേശീയ സമ്മതിദായക ദിനം. ജനാധിപത്യ രാജ്യത്ത് ഓരോ വോട്ടിന്റെയും പ്രാധാന്യം വോട്ടർമാരെ ഓർമ്മിപ്പിക്കാനും, തിരഞ്ഞെടുപ്പിലെ പങ്കാളിത്തം പ്രോത്സാഹി പ്പിക്കാനും ലക്ഷ്യമിട്ടാണ് ജനുവരി 25 ന് ദേശീയ സമ്മതിദായകദിനം ആഘോഷിക്കുന്നത്. 1950 ൽ ജനുവരി 25 നായിരുന്നു ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരണം.

രാഷ്ട്രപതി ദ്രൗപതി മുർമു തിരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ഈ വർഷത്തെ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും. 'എന്റെ ഇന്ത്യ, എന്റെ വോട്ട് ' എന്ന പ്രമേയത്തിൽ 'പൗരൻ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഹൃദയം' എന്ന് ടാഗ്‌ലൈനോടെയാണ് ദിനാചരണ പരിപാടികൾ.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

പുതുതായി വോട്ടർപട്ടികയിൽ പേരുചേർത്ത യുവജനങ്ങൾക്ക് രാഷ്ട്രപതി ഫോട്ടോ തിരിച്ചറിയൽ കാർഡ് കൈമാറും. മികച്ച വോട്ടർ ബോധവത്ക്കരണ പ്രവർത്തനങ്ങൾ കാഴ്ചവെച്ചവർക്ക് ദ്രൗപതി മുർമു പുരസ്കാരം സമ്മാനിക്കും. റേഡിയോ വിഭാഗത്തിൽ ആകാശവാണി ന്യൂസ് സർവീസസ് ഡിവിഷനാണ് മാധ്യമപുരസ്കാരം. സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം, തിരഞ്ഞെടുപ്പ് നടത്തിപ്പ്,

ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നീ വിഭാഗങ്ങളിലും പുരസ്കാരങ്ങൾ വിതരണം ചെയ്യും.

സംശുദ്ധമായ വോട്ടർപട്ടികയാണ് ജനാധിപത്യത്തിന്റെ ആധാരശിലയെന്ന് ദേശീയ സമ്മതിദായക ദിന സന്ദേശത്തിൽ മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ്കുമാർ വ്യക്തമാക്കി. ഈയൊരു ലക്ഷ്യത്തോടെയാണ് തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിന് തുടക്കമിട്ടത്. അർഹരായ എല്ലാ വോട്ടർമാർക്കും വോട്ടർപട്ടികയിൽ പേരുൾപ്പെടുത്താനും, അനർഹരെ ഒഴിവാക്കാനും കഴിഞ്ഞു. 12 സംസ്ഥാനങ്ങളിൽ പുതുക്കൽ പുരോഗമിക്കുകയാണെന്നും ഗ്യാനേഷ് കുമാർ അറിയിച്ചു. മറ്റ് സംസ്ഥാനങ്ങളിലും ഈ നടപടി വൈകാതെ നടപ്പാക്കും. യുവ വോട്ടർമാർ അവസരം നഷ്ടപ്പെടുത്താതെ സമ്മതിദാനം രേഖപ്പെടുത്തണമെന്നും അതുവഴി ജനാധിപത്യത്തിന്റെ അംബാസഡർമാരായി സ്വയം മാറണമെന്നും മറ്റുള്ളവർക്ക് പ്രചോദനമാകണമെന്നും ഗ്യാനേഷ്കുമാർ അഭ്യർത്ഥിച്ചു.

✪✪✪

ദേശീയ സമ്മതിദാന ദിനത്തോടനുബന്ധിച്ച് മേരാ യുവ ഭാരതും, സ്പോർട്സ് അതോറിറ്റിയും ചേർന്ന് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന പദയാത്രയും, സൺഡേസ് ഓൺ സൈക്കിൾ റാലിയും കവടിയാർ വിവേകാനന്ദ പാർക്കിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും. ദേശീയ തല പരിപാടിയുടെ ഭാഗമായി കോഴിക്കോട്ടും വോട്ടേഴ്സ് ദിന പദയാത്ര സംഘടിപ്പിച്ചിട്ടുണ്ട്. കലക്ടർ സ്നേഹിൽ കുമാർ സിംഗ് യാത്ര ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച 'പ്രഗതി' ഫ്ലാഗ്ഷിപ് പദ്ധതിയിൽ 50 അവലോകന യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. 2015 ൽ ആരംഭിച്ച പ്രഗതി, രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്. ഹിമാചൽ പ്രദേശിലെ NH-22 പർവാനോ-സോളൻ പാത പൂർത്തീകരിച്ചതിനെകുറിച്ചാണ് ആകാശവാണിയുടെ ഇന്നത്തെ 'പ്രഗതി' പ്രത്യേക റിപ്പോർട്ട്.

......(വോയ്സ്)...........

1,635 കോടി രൂപ ചെലവിലാണ് ഹിമാചൽ പ്രദേശിലെ NH-22 ൽ 39 കിലോമീറ്റർ പർവാനോ-സോളൻ പാത നാലുവരിയാക്കുന്ന പദ്ധതി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടപ്പാക്കിയത്. സോളൻ

ജില്ലയിലെ പ്രധാന ജനവാസ മേഖലകളടക്കം 33 പ്രധാന ഗ്രാമങ്ങളിലൂടെയാണ് പാത കടന്നു പോകുന്നത്. ഭൂമി ഏറ്റെടുക്കൽ, വന അനുമതി, അതിർത്തി നിർണ്ണയം, നഷ്ടപരിഹാര വിതരണം എന്നിവയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ പദ്ധതി നേരിട്ടു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്കും ജില്ലാ ഭരണകൂടത്തിനും ഇടയിൽ ഏകോപനം സാധ്യമാക്കി പ്രഗതി മോണിറ്ററിംഗ് ഗ്രൂപ്പിന്റെ ഉന്നത തല അവലോകനത്തിലൂടെ പദ്ധതി നൂറ് ശതമാനം പുരോഗതി കൈവരിച്ചു. 2023 ഡിസംബർ 20-ന് പദ്ധതി യാഥാർത്ഥ്യമായി.

✪✪✪

പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ 11 ന് ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കും. പരിപാടിയുടെ 130 -ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. പ്രധാനമന്ത്രിയുടെ സംഭാഷണത്തിനു ശേഷം കേരള നിലയങ്ങൾ മലയാള പരിഭാഷകളും പ്രക്ഷേപണം ചെയ്യും.

✪✪✪

കേരള ഹൈക്കോടതി മുൻ ജഡ്ജിയും കൊച്ചി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ ആക്ടിങ് വൈസ് ചാൻസലറുമായ ജസ്റ്റിസ് S. സിരിജഗൻ അന്തരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു 74 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

കേരളത്തിലെ തെരുവുനായ ശല്യം പഠിക്കാനും ഇരകൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കാനുമായി സുപ്രീം കോടതി നിയോഗിച്ച സമിതിയുടെ അധ്യക്ഷനായിരുന്നു അദ്ദേഹം. ശബരിമല ഹൈപവർ കമ്മിറ്റിയുടെയും ചെയർമാനായിരുന്നു. വൈകിട്ട് കൊച്ചി രവിപുരം ശ്മശാനത്തിലാണ് സംസ്കാരം .

✪✪✪

ബേപ്പൂരിലെ ബഷീർ സ്മാരകം-ആകാശമിഠായിയെ മാനുഷിക ഐക്യത്തിന്റെ കേന്ദ്രമാക്കി മാറ്റണമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. 'ആകാശമിഠായി'യുടെ ആദ്യഘട്ട പ്രവർത്തനങ്ങളും രണ്ടാംഘട്ട പ്രവൃത്തിയും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ബഷീർ കേരളത്തിന്റെ മാത്രമല്ല, ലോകത്തിന്റെ മുഴുവനും സ്വത്താണെന്ന് ചടങ്ങിൽ മുഖ്യാതിഥിയായ നടൻ പ്രകാശ് രാജ് പറഞ്ഞു. മേയർ O. സദാശിവൻ അധ്യക്ഷനായിരുന്നു.

✪✪✪

അണ്ടർ-19 ക്രിക്കറ്റ് ലോകകപ്പിലെ മൂന്നാമത്തെയും, അവസാനത്തെയും ഗ്രൂപ്പ്ഘട്ട മാച്ചിൽ ഇന്ത്യ, ന്യൂസിലാന്റിനെ ഏഴ് വിക്കറ്റിന് തകർത്തു. ബുലാവായോയിൽ 130 റൺസ് വിജയലക്ഷ്യവുമായി കളിക്കാനിറങ്ങിയ ഇന്ത്യ 13.2 ഓവറിൽ ന്യൂസിലാന്റിനെ മറികടന്നു. ആദ്യം ബാറ്റ് ചെയ്ത ന്യൂസിലാന്റ് 36.2 ഓവറിൽ 135 ന് പുറത്തായി. മഴനിയമത്തെ തുടർന്ന് വിജയലക്ഷ്യം 130 റൺസായി ചുരുക്കുകയായിരുന്നു.

✪✪✪

ഇന്ത്യ-ന്യൂസിലാന്റ് മൂന്നാം ട്വന്റി-20 ക്രിക്കറ്റ് മത്സരം ഇന്ന് ഗോഹട്ടിയിൽ. വൈകിട്ട് ഏഴിന് ബർസപാഡ ACA സ്റ്റേഡിയത്തിലാണ് മത്സരം. അഞ്ചുമത്സര പരമ്പരയിൽ രണ്ടെണ്ണം ജയിച്ച് ഇന്ത്യ മുന്നിട്ടുനിൽക്കുകയാണ്.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഡൽഹി കാപിറ്റൽസിന് ജയം. വഡോദരയിലെ BCA സ്റ്റേഡിയത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ ഏഴ് വിക്കറ്റിനാണ് അവർ തോൽപ്പിച്ചത്.

✪✪✪

കണ്ണൂരിൽ സമാപിച്ച ബഡ്സ് ഒളിമ്പ്യ കായികോത്സവത്തിൽ പത്തനംതിട്ട ചാമ്പ്യൻമാരായി. കൊല്ലത്തിനാണ് രണ്ടാം സ്ഥാനം നേടി.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.......(വോയ്സ്)..............

✪✪✪

കേരള കുംഭമേളയെന്നറിയപ്പെടുന്ന തിരുനാവായ മഹാമാഘ മഹോത്സവത്തിൽ ഇന്ന് രഥസപ്തമി ആചരണം നടത്തും. ഇതിന്റെ ഭാഗമായി ഭാരതപ്പുഴയിൽ പുണ്യസ്നാനവും സൂര്യാരാധനയും

ഉണ്ടായിരിക്കും. ചടങ്ങുകൾക്കും, പൂജകൾക്കും ആചാര്യൻ സതീശ് ബാബു മുഖ്യകാർമികനായിരിക്കും.

✪✪✪

ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം- 'ഉല്ലാസ്' പദ്ധതിയിൽ ഇടുക്കി ജില്ലയിലെ 18 പഞ്ചായത്തുകളിൽ ഇന്ന് സാക്ഷരതാ പരീക്ഷ നടത്തും. 'മികവുത്സവം' എന്നു പേരിട്ട പരീക്ഷയിൽ ആറായിരത്തിലേറെ പഠിതാക്കൾ പങ്കെടുക്കും. തദ്ദേശ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാന സാക്ഷരതാ മിഷനാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

അഖില കേരള റേഡിയോ ലിസണേഴ്സ് അസോസ്സിയേഷന്റെ KSK ആലപ്പാട് അനുസ്മരണവും റേഡിയോ സുഹൃദ്സംഗമവും രാവിലെ തൃശൂർ കേരളസാഹിത്യ അക്കാദമി ചങ്ങമ്പുഴ ഹാളിൽ നടത്തും. മേയർ ഡോ: ലിജി ജസ്റ്റിൻ പരിപാടി ഉദ്ഘാടനം ചെയ്യുമെന്ന് അസോസിയേഷൻ പ്രസിഡണ്ട് മൊയ്തീൻകുഞ്ഞ് തൃക്കാക്കര അറിയിച്ചു.

✪✪✪

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കാസർകോട് ജില്ലാ സമ്മേളനം ഇന്നും നാളെയുമായി കാഞ്ഞങ്ങാട് മടിക്കൈ കാലിച്ചാംപൊതിയിൽ നടത്തും. രാവിലെ കേന്ദ്ര സർവകലാശാല സ്കൂൾ ഓഫ് മെഡിസിനിലെ ഡീൻ പ്രൊഫ. മാത്യു ജോർജ് ഉദ്ഘാടനം ചെയ്യും. നാളെ വൈകിട്ട് പുതിയ ജില്ലാ നിർവാഹക സമിതിയെ തിരഞ്ഞെടുക്കും.

✪✪✪

ഇപ്പോഴത്തെ നിയമപ്രകാരം യോഗ്യത നേടി ജോലിയിൽ പ്രവേശിച്ച അധ്യാപകരെ K Tet യോഗ്യതയുടെ പേരിൽ ജോലിയിൽ നിന്ന് പിരിച്ചു വിടാനെടുത്ത അശാസ്ത്രീയ തീരുമാനത്തിൽ നിന്ന് പിന്മാറണമെന്ന് KPSTA സംസ്ഥാന സമ്മേളനം കോഴിക്കോട്ട് ആവശ്യപ്പെട്ടു. സംഘടനയുടെ പുതിയ പ്രസിഡണ്ടായി PK അരവിന്ദനെയും, ജനറൽ സെക്രട്ടറിയായി B സുനിൽകുമാറിനെയും തിരഞ്ഞെടുത്തു.

✪✪✪

വയനാട് ഡെപ്യൂട്ടി കളക്ടർ C.ഗീതയെ സസ്പെൻഡ് ചെയ്തു. ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട അപേക്ഷയിൽ നടപടിക്രമങ്ങൾ പാലിച്ചില്ലെന്നും തടസ്സം നിന്നെന്നും കാണിച്ച് കേരള കോൺഗ്രസ്

**സംസ്ഥാന ജനറൽ സെക്രട്ടറി KJ ദേവസ്യ നൽകിയ പരാതിയിലാണ് നടപടി.**

**✪✪✪**

**പാലക്കാട് ജില്ലയിലെ PM വിശ്വകർമ പദ്ധതി ഗുണഭോക്താക്കളുടെ ഉത്പന്ന പ്രദർശന വിപണന മേള ഇന്ന് സമാപിക്കും. വെള്ളിയാഴ്ച്ച ആരംഭിച്ച മേള ഇതിനകം ഒട്ടേറെപ്പേർ സന്ദർശിച്ചു.**

**✪✪✪**

**കേരള സംഗീത നാടക അക്കാദമിയുടെ പതിനാറാമത് അന്താരാഷ്ട്ര നാടകോത്സവത്തിന് തൃശൂരിൽ ഇന്ന് തുടക്കമാകും. ഉച്ചകഴിഞ്ഞ് തോപ്പിൽഭാസി ബ്ലാക്ക്ബോക്സ് തിയേറ്ററിൽ അർജെന്റീനിയൻ നാടകം 'ഫ്രാങ്കെൻസ്റ്റൈൻ പ്രൊജക്ട് ' അരങ്ങേറും. വൈകീട്ട് അക്കാദമി അങ്കണത്തിൽ മന്ത്രി K.രാജൻ നാടകോത്സവം ഉദ്ഘാടനം ചെയ്യും.**

**✪✪✪**

---

*News Editor : ശ്രുതി*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: രജിന കെ*
*DEO : ഷീബ*